**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 855** **14-01-2021 - ൽ മറുപടിയ്ക്ക്**

**വനമേഖലയുടെ നിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | **Shri. K Raju**<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ വനമേഖലയുടെ നിലവാരം വർഷംതോറും കുറയുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; | (എ) | 1980 ലെ കേന്ദ്ര വന(സംരക്ഷണ) നിയമം നിലവിൽ വന്നതിനെ തുടർന്ന് സംസ്ഥാനത്തെ വനമേഖലയുടെ നിലവാരം വർഷം തോറും കുറയുന്ന സാഹചര്യം പൊതുവെ നിലവിലില്ല. എന്നാൽ 1993 മുതൽ 2000 വരെയുള്ള കാലഘട്ടത്തിൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന് ക്യാപ്റ്റീവ് പ്ലാന്റേഷൻ ഉണ്ടാക്കുന്നതിനായി 4277.395 ഹെക്ടർ വനഭൂമി പാട്ടത്തിൽ നൽകിയിട്ടുള്ളതും, ടി പ്രദേശങ്ങളിൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് യൂക്കാലിപ്റ്റസ്, അക്കേഷ്യ, മാഞ്ചിയം തുടങ്ങിയ വിദേശീയ വൃക്ഷതൈകൾ നട്ടുപിടിപ്പിച്ചതുമൂലം ടി വനമേഖലയുടെ നിലവാരം കുറയുന്ന സ്ഥിതി ഉണ്ടായി. അതുപോലെ തന്നെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് തുടങ്ങിയ വ്യാവസായിക സ്ഥാപനങ്ങൾക്കായി വനം വകുപ്പും ഇപ്രകാരമുള്ള വിദേശീയ സസ്യങ്ങൾ നട്ടുപിടിപ്പിച്ച് പരിപാലിച്ചു വന്നിരുന്നു. കേരളത്തിലെ വനങ്ങളിൽ യൂക്കാലിപ്റ്റസ്, അക്കേഷ്യ, മാഞ്ചിയം, വാറ്റിൽ എന്നിവയുടെ തോട്ടങ്ങൾ ഉദ്ദേശം 19500 ഹെക്ടർ നിലവിലുണ്ട്. ഇപ്രകാരമുള്ള വിദേശീയ മരങ്ങളുടെ തോട്ടങ്ങൾ നട്ടുപരിപാലിച്ചു വന്നതിൽ പ്രസ്തുത കാലയളവിൽ വനമേഖലയുടെ നിലവാരം കുറയുവാൻ ഇടയാക്കിയിട്ടുണ്ട്. |
| (ബി) | വനമേഖലയുടെ വലിയ ഒരു ഭാഗം പാട്ടത്തിന് നൽകി അവിടെ സ്വാഭാവികവനം നശിപ്പിച്ച് അക്കേഷ്യ, സിൽവർ ഓക്ക്, യൂക്കാലി, തേക്ക് തുടങ്ങിയവ വച്ച് പിടിപ്പിക്കുന്നത് വനമേഖലയുടെ നിലവാരം കുറയ്ക്കുവാൻ ഇടയാക്കിയിട്ടില്ലേയെന്നറിയ്ക്കുമോ; | (ബി) | വന മേഖല പാട്ടത്തിനു നൽകിയതും ഏകവിള തോട്ടങ്ങൾ ഉണ്ടാക്കിയതും വനമേഖലയുടെ നിലവാരം കുറയ്ക്കുവാൻ ഇടയാക്കിയിട്ടുണ്ട്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് കമ്പനിക്ക് ക്യാപ്റ്റീവ് പ്ലാന്റേഷനായി പാട്ടത്തിന് നൽകിയ 4277.395 ഹെക്ടർ ഭൂമിയും 01.04.2020 നോ അതിന് മുൻപോ ആയി തിരിച്ചെടുത്തിട്ടുള്ളതാണ്. ആയതിൽ 3035.1465 ഹെക്ടർ ഭൂമി തിരിച്ചെടുത്തിരിക്കുന്നത് 01.04.2020 ലാണ്. വനം വകുപ്പ് വാറ്റിൽ നടുന്നത് 1992 മുതലും, അക്കേഷ്യയും, മാഞ്ചിയവും നടുന്നത് |

| | | | |
|---|---|---|---|
| | | | 2018 മുതലും, യൂക്കാലിപ്റ്റസ് നടുന്നത് 2019 മുതലും നിർത്തലാക്കിയിട്ടുള്ളതാണ്. സർക്കാരിന്റെ പുതിയ നയ ത്തിന്റെ ഭാഗമായി വനമേഖലയിലെ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, വാറ്റിൽ തുടങ്ങിയ വിദേശ ഇനം മരങ്ങൾ മുറിച്ച് മാറ്റി തദ്ദേശീയ മരതൈകൾ നട്ടുപിടിപ്പിച്ച് ടി പ്രദേശത്തെ സ്വാഭാവിക വനത്തിന്റെ അവസ്ഥയിലേയ്ക്ക് കൊണ്ടുവരുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അത് ഘട്ടം ഘട്ടമായി പുരോഗമിച്ച് വരുന്നു. |
| (സി) | സംസ്ഥാനത്ത് എത്ര ഹെക്ടർ വനഭൂമി, ഏതൊക്കെ കമ്പനികൾക്ക് ഇത്തരത്തിൽ പാട്ടത്തിന് നൽകിയിട്ടുണ്ടെന്നറിയുമോ ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | സംസ്ഥാനത്ത് പാട്ടത്തിന് നൽകിയിട്ടുള്ള വനഭൂമി 56412.27 ഹെക്ടറാണ്. പാട്ടത്തിന് നൽകിയ വനഭൂമിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം. | പൊതുമേഖല/ സർക്കാർ - അർദ്ധ സർക്കാർ സ്ഥാപനങ്ങൾ/ വ്യക്തികൾ | വനഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|
| 1 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് | 13485.19 |
| 2 | പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള | 11129.49 |
| 3 | കേരള ഫോറസ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷൻ | 10087.84 |
| 4 | സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള | 2360.79 |
| 5 | റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡ് | 2193.77 |
| 6 | ഓയിൽപാം ഇന്ത്യ ലിമിറ്റഡ് | 3645.64 |
| 7 | ഇതര സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ | 5298.53 |
| 8 | സ്വകാര്യ എസ്റ്റേറ്റുകൾ | 7639.15 |
| 9 | വ്യക്തികൾ | 571.87 |
| | ആകെ | 56412.27 |